*23-06-2026*
*Submission*

**സബ്മിഷൻ**

(1) സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാക്കാനുള്ള മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. പി. അഷ്റഫ് അലി: സർ, സാമൂഹ്യ സുരക്ഷ പെൻഷൻ കാറ്റഗറിയിൽ നമ്മളേറെ പരിഗണന നൽകേണ്ടതും നാം ചേർത്ത് പിടിക്കേണ്ടതുമായ വിഭാഗമാണ് എം.ആർ. ബാധിച്ചവർ, ഓട്ടിസം സ്പെക്ട്രം ഡിസോഡറുള്ളവർ, സെറിബ്രൽ പാൾസി, ഗുരുതര മാനസികാരോഗ്യ വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവർ. പെൻഷന് അപേക്ഷിക്കുകയും പുതുക്കുകയും ചെയ്യേണ്ട സാഹചര്യത്തിൽ ഇത്തരക്കാർക്ക് മറ്റുള്ളവരുടെ സഹായം ആവശ്യമാണ്. അവരുടെ രക്ഷിതാക്കൾക്ക് മറ്റ് ജോലികൾക്കോ ആവശ്യങ്ങൾക്കോ വിവാഹം പോലുള്ള സന്ദർഭങ്ങൾക്കോ പുറത്തുപോകാനാകാതെ അവയെല്ലാം ഒഴിവാക്കി അവരുടെയൊപ്പം ജീവിക്കേണ്ടിവരുന്ന സാഹചര്യമാണുള്ളത്. അങ്ങനെയുള്ള ആളുകൾക്കും കുട്ടികൾക്കും അവരുടെ പെൻഷൻ പുതുക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ കഠിനമാണെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. അതുകൊണ്ട് നടപടിക്രമം ലഘൂകരിച്ചുകൊണ്ട് അവർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. അതോടൊപ്പം അവരുടെ രക്ഷിതാക്കൾക്കുള്ള ആശ്വാസകിരണം പദ്ധതിയിലും വെല്ലുവിളി നേരിടുന്നവരുടെ ലൈഫ് സർട്ടിഫിക്കറ്റ് ഗസറ്റഡ് ഓഫീസറുടെ ഒപ്പോടുകൂടി ഹാജരാക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് ഇത്തരം ആളുകളെ ചേർത്ത് പിടിക്കാൻ ഗൗരവമായ ഇടപെടലുണ്ടാകണം. അതിനുവേണ്ടി ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്. അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതോടൊപ്പം അനർഹർ കൈപ്പറ്റുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനുള്ള

പൊതുമാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. പൊതുമാനദണ്ഡങ്ങൾ പ്രകാരം 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീട്, താമസിക്കുന്ന വീട്ടിൽ എ.സി., 1000 സി.സി.-യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള കാർ എന്നിവ ഉള്ളവർ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉള്ളവരുടെ ഗണത്തിൽ വരുന്നതിനാൽ ഇത്തരം ആളുകൾക്ക് ഇപ്പോൾ പെൻഷൻ അനുവദനീയമല്ല. മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.

(2) മൂലം വള്ളംകളിക്ക് പ്രാദേശിക അവധി അനുവദിക്കാൻ നടപടി

ശ്രീ. റെജി ചെറിയാൻ: സർ, എന്റെ നിയോജകമണ്ഡലമായ കുട്ടനാടിന്റെ അഭിമാനമായ ചിത്രപ്രസിദ്ധമായ മൂലം വള്ളംകളി 29-06-2026-ൽ പരമ്പരാഗത ചടങ്ങുകൾപ്രകാരം നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. കുട്ടനാട് തഹസീൽദാർ ജനറൽ കൺവീനറായി നടത്തപ്പെടുന്ന ഈ വള്ളംകളി നടക്കുന്ന ദിവസം അതായത് 29-06-2026-ന് കുട്ടനാട് താലൂക്കിന് പ്രാദേശിക അവധി നൽകണമെന്ന ആവശ്യം വർഷങ്ങളായി ജനങ്ങൾ ഉന്നയിക്കുന്നു. അത് പരിഗണിച്ച് കുട്ടനാട് താലൂക്കിന് പ്രാദേശിക അവധി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ നടക്കുന്ന മൂലം വള്ളംകളിക്ക് മുൻവർഷങ്ങളിൽ അവധി നൽകിയിട്ടുള്ളതല്ല. വിശേഷദിവസങ്ങൾ/ഉത്സവങ്ങൾ പ്രമാണിച്ച് സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമുള്ള പ്രാദേശികാവധി പ്രഖ്യാപിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് മുൻകൂർ അനുമതി നൽകികൊണ്ടുള്ള ഉത്തരവിലും അതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലുമൊന്നും വള്ളംകളിക്ക് അവധി അനുവദിച്ചിട്ടില്ല. പുതിയതായി പൊതുഅവധി, നിയന്ത്രിതാവധി, പ്രാദേശികാവധി തുടങ്ങിയവ അനുവദിക്കേണ്ട എന്നതായിരുന്നു പൊതുവായി സ്വീകരിച്ചിരുന്ന നിലപാടെന്നതിനാൽ ഇത്തരത്തിലുള്ള പ്രാദേശികാവധികൾ അനുവദിച്ചിരുന്നില്ല. മൂലം വള്ളംകളി ദിവസം കുട്ടനാട് താലൂക്കിന് പ്രാദേശികാവധി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

*23-06-2026*
*Submission*

3. കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നാളികേര വികസന പാർക്ക് യാഥാർഥ്യമാക്കൽ

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നാളികേര കർഷകരുള്ള ജില്ലയാണ് കോഴിക്കോട് ജില്ല. ഈ മേഖലയെ ആശ്രയിച്ച് കഴിയുന്ന ഏഴ് ലക്ഷത്തോളം കേരകർഷകരും അനുബന്ധ തൊഴിലാളികളും അവിടെയുണ്ട്. നാളികേര വികസന ബോർഡിന്റെ കണക്കുപ്രകാരം ജില്ലയിൽ 1,23,066 ഏക്കർ സ്ഥലത്താണ് നാളികേര കൃഷിയുള്ളത്. ലോക പ്രശസ്തിയാർജ്ജിച്ച രാജാപ്പൂർ കൊപ്രയുടെ രാജ്യത്തെതന്നെ ഏറ്റവും പ്രധാനകേന്ദ്രം കോഴിക്കോട് ജില്ലയിലെ വടകര താലൂക്കാണ്. വലിപ്പത്തിലും ഗുണമേന്മയിലും വിത്തുഗുണത്തിലും മുൻപന്തിയിലുള്ള മികച്ചയിനം നാളികേരം ലഭിക്കുന്നത് എന്റെ നിയോജകമണ്ഡലമായ കുറ്റ്യാടിയിലാണ്. വേളം ഗ്രാമപഞ്ചായത്തിലെ മണിമലയിൽ നാളികേര സംഭരണം, സംസ്കരണം, വിപണനം, എന്നിവ ലക്ഷ്യമാക്കി ആരംഭിക്കാനുദ്ദേശിച്ച നാളികേര വികസന പാർക്ക് ഇന്നും യാഥാർഥ്യമായിട്ടില്ല. ഇപ്പോൾ പദ്ധതി പ്രദേശമാകെ കാട് മൂടി ഇഴജന്തുക്കളുടെയും വന്യജീവികളുടെയും സങ്കേതമായി മാറിയിരിക്കുകയാണ്. പാർക്കിനായി ഏറ്റെടുത്ത 115 ഏക്കർ സ്ഥലം വികസിപ്പിക്കാൻ 42 കോടി രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ 2014-ൽ ഭരണാനുമതി നൽകിയതാണ്. അതിനുശേഷം പദ്ധതിക്കായി ഏറ്റെടുത്ത പ്രസ്തുത ഭൂമിക്ക് ഉയർന്ന നഷ്ടപരിഹാരം ആവശ്യപ്പെട്ട് സ്ഥലമുടമകൾ ഹൈക്കോടതിയെ സമീപിക്കുകയും സർക്കാരിന്റെ ഇടപെടലിനെത്തുടർന്ന് കോടതി നടപടികളൊക്കെ അവസാനിപ്പിച്ച് ഇപ്പോൾ ഭൂമി പൂർണ്ണമായും കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലാണുള്ളത്. ഒട്ടേറെ വ്യവസായ സാധ്യതകളും വിമാനത്താവള സൗകര്യവുമുള്ള, കോഴിക്കോടിന്റെയും കണ്ണൂരിന്റെയും ഇടയിൽ സ്ഥിതിചെയ്യുന്ന വിശാലമായ ഈ 115 ഏക്കർ സ്ഥലം ഏത് നൂതനവ്യവസായ സംരംഭങ്ങൾക്കും തീർത്തും അനുയോജ്യമാണ്. വെർജിൻ കോക്കനട്ട് ഓയിൽപോലെ ലോകവിപണിയിൽ വൻ ഡിമാന്റുള്ള മൂല്യവർധിത ഉൽപന്നങ്ങൾ വ്യാപകമായി ഉൽപാദിപ്പിക്കാൻ ഈ വ്യവസായ പാർക്കിലൂടെ സാധ്യമാകും. കാർഷിക ഗവേഷണ പഠനകേന്ദ്രം, കുറ്റ്യാടി തേങ്ങപോലെ പ്രസിദ്ധമായ അല്ലൂർ ഒളോർ മാങ്ങയുടെ വിപണന-ഗവേഷണ കേന്ദ്രം, കാർഷിക ഭക്ഷ്യോൽപന്നങ്ങളുടെ പ്രോസസ്സിങ് യൂണിറ്റ്, വിവിധ

കാർഷിക മേഖലകൾ എന്നിവയൊക്കെ ഈ സ്ഥലത്ത് വികസിപ്പിച്ചെടുക്കാവുന്നതാണ്. നാളികേര അധിഷ്ഠിത വ്യവസായത്തിന് ഒട്ടേറെ സാധ്യതകളും സൗകര്യവുമുള്ള ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള വേളം-മണിമലയിൽതന്നെ കാലാനുസൃതമായ മാറ്റങ്ങളുണ്ടാക്കി പ്രസ്തുത നാളികേര പാർക്ക് ആരംഭിക്കണമെന്നാണ് ജനപ്രതിനിധിയെന്നുള്ള നിലയിൽ ആ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും ആവശ്യവും വികാരവും കണക്കിലെടുത്ത് എനിക്ക് അഭ്യർഥിക്കാനുള്ളത്.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, നാളികേര വികസന പാർക്ക് വളരെ കാലമായി യാഥാർഥ്യമാകാതെ കിടക്കുകയാണ്. 2014-ൽ അതിനുവേണ്ട സാങ്ഷനും മറ്റുകാര്യങ്ങളും നൽകിയിരുന്നു. ഈ പാർക്ക് ഇങ്ങനെയാകാൻ കാരണമെന്താണെന്ന് ഗവൺമെന്റ് ഗൗരവത്തോടുകൂടി പരിശോധിക്കുന്നതാണ്. ശ്രീലങ്കയിലും മറ്റ് രാജ്യങ്ങളിലുമുള്ള നാളികേര അധിഷ്ഠിത വ്യവസായങ്ങളുടെ സാധ്യതകൾ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ, ഈ പാർക്ക് യാഥാർഥ്യമാകാത്തതിന്റെ കാരണമെന്താണെന്ന് ഗൗരവമായി ആലോചിക്കുകയും അതിന് നടപടിയെടുക്കുകയും ചെയ്യുമെന്നാണ് പറയാനുള്ളത്.

4. <u>പെരിങ്ങോട്ടുകരയിൽ പൊലീസ് സ്റ്റേഷൻ അനുവദിക്കൽ</u>

<u>ശ്രീമതി ഗീതാഗോപി</u>: സർ, നിയമനിർമ്മാണസഭയുടെ ശ്രീകോവിലിൽ മൂന്നാമത്തെ തവണയാണ് നിയമസഭാംഗമായി വരുന്നത്. ഈ സന്ദർഭത്തിൽ ജനങ്ങളോട് ഞാൻ കടപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഓർമ്മിക്കുന്നുണ്ടോയെന്ന് എനിക്കറിയില്ല.

<u>മി. സ്പീക്കർ</u>: വിഷയത്തിലേക്ക് വന്നില്ലെങ്കിൽ യഥാർഥ പോയിന്റ് പറയാൻ കഴിയാതെ പോകും.

<u>ശ്രീമതി ഗീതാഗോപി</u>: സർ, ഒരു ചോദ്യം ചോദിക്കാൻ അവസരം ചോദിച്ചപ്പോൾ നൽകിയില്ല.

<u>മി. സ്പീക്കർ</u>: അടുത്തപ്രാവശ്യം അവസരം നൽകാം. അത് സബ്മിഷനിൽ

കൂട്ടിചേർക്കേണ്ടതില്ല.

<u>ശ്രീമതി ഗീതാഗോപി</u>: സർ, ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ആഭ്യന്തര വകുപ്പുമന്ത്രിയായി പെരിങ്ങോട്ടുകരയിൽ ഒരു ഔട്ട്പോസ്റ്റ് സ്റ്റേഷൻ ഉദ്ഘാടനത്തിന് വന്നത് അങ്ങ് ഓർക്കുന്നുണ്ടാകും. സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുക, ക്രമസമാധാനം നിലനിർത്തുക, ജനങ്ങൾക്ക് സ്വസ്ഥമായി ജീവിക്കാൻ കഴിയുക എന്നീ കാര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. അക്രമാസക്തമായ കേസുകൾ വർധിച്ചുവരികയാണ്. അന്തിക്കാട് പോലുള്ള സ്റ്റേഷനുകളിൽ പരിമിതമായ സ്ഥലമാണുള്ളത്. അവിടെ സ്റ്റാഫുകളില്ല, കേസുകൾ അന്വേഷിക്കാൻ ഒരു വാഹനമില്ല, ഞാനിക്കാര്യം ഇവിടെയല്ലാതെ എവിടെയാണ് പറയുന്നത്; ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ആ പ്രദേശത്ത് വന്നിട്ടുള്ളതിനാൽ പരിചയമുള്ളതാണ്. നാട്ടുകാർ പണിത ഔട്ട്പോസ്റ്റ് അദ്ദേഹമാണ് നാടിന് സമർപ്പിച്ചത്. 88 സെന്റ് ഭൂമി പെരിങ്ങോട്ടുകരയിലുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കൈയിലുള്ള ഭൂമി ഈ പോലീസ് സ്റ്റേഷനുവേണ്ടി മാറ്റി നൽകുന്നതോടൊപ്പം പുതിയൊരു കെട്ടിടം നിർമ്മിച്ച് കാബിനറ്റ് തീരുമാനപ്രകാരം പെരിങ്ങോട്ടുകരയിൽ ഒരു പോലീസ് സ്റ്റേഷൻ ഈ ഗവൺമെന്റിന്റെ കാലത്ത് യാഥാർഥ്യമാകുന്നുവെന്ന് പറഞ്ഞാൽ നാട്ടിക നിയോജകമണ്ഡലത്തിന് വലിയൊരു അഭിമാനമാണ്. കുറ്റകൃത്യങ്ങൾ കൂടിവരുന്നെങ്കിലും അത് അന്വേഷിക്കാൻ പോലീസ് കുറവാണ്. വാഹനമില്ലാത്തത് മറ്റൊരു പ്രശ്നമാണ്. അന്തിക്കാട്, വലപ്പാട്, ചേർപ്പ് എന്നീ സ്റ്റേഷനുകളുടെ സ്ഥിതിയെന്താണെന്ന് എസ്.പി.-യെ വിളിച്ച് പരിശോധിക്കുകയും എ.ഡിജിപി.-യെ വിളിച്ച് റിപ്പോർട്ട് ആവശ്യപ്പെടുകയും വേണം. എം.എൽ.എ. അസറ്റ് ഡെവലപ്മെന്റ് ഫണ്ട് നൽകാം. കാബിനറ്റ് ഡിസിഷനിലൂടെ പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ കൊണ്ടുവരുമെന്ന് സബ്മിഷനിലൂടെ മറുപടി നൽകിയാൽ തീർച്ചയായും ജനങ്ങളോട് വലിയൊരു കടപ്പാടായിരിക്കും ചെയ്യുന്നത്. പെരിങ്ങോട്ടുകരയിൽ ഒരു പോലീസ് സ്റ്റേഷൻ വളരെ ആവശ്യമാണ്. ജനകീയ സമിതിയും ജനകീയ ആവശ്യങ്ങളും അവിടെ വർധിച്ചുവന്നിരിക്കുകയാണ്. കുറ്റകൃത്യങ്ങൾ വർധിച്ചുവരികയാണ്. മൂന്ന് പോലീസുകാരെയെങ്കിലും അന്തിക്കാട് സ്റ്റേഷനിൽ അധിഷണലായി നൽകണം. നല്ലൊരു വാഹനം അവിടെ ലഭ്യമാക്കേണ്ടതുണ്ട്. അങ്ങ്

ആഭ്യന്തരമന്ത്രിയായിരുന്നപ്പോൾ 10 വർഷക്കാലം ഞാൻ സഭയിലുണ്ടായിരുന്ന അംഗമാണ്. മൂന്നാമത്തെ തവണയും ജനങ്ങൾ സഭയിലേക്ക് പറഞ്ഞയച്ചിരിക്കുകയാണ്. ആ ജനങ്ങളുടെ ആവശ്യം ഇവിടെ പറയുമ്പോൾ, അതിന് അനുകൂലമായി ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി തീരുമാനമെടുക്കുമെന്നുള്ള വിശ്വാസത്തിലാണ് ഞാനീ സബ്മിഷൻ ഉന്നയിക്കുന്നത്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഇപ്പോൾ ചൂണ്ടിക്കാണിച്ചത് ശരിയാണ്. അഞ്ച് പഞ്ചായത്തുകളും പതിനാറ് വില്ലേജുകളും ഉൾപ്പെടുന്നതാണ് അന്തിക്കാട് പൊലീസ് സ്റ്റേഷൻ. കഴിഞ്ഞ മൂന്ന് വർഷക്കാലമായി ആയിരത്തിമുന്നൂറിൽപ്പരം ക്രൈം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊലീസ് ഈ കേസുകളിൽ ശക്തമായ നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ വർധിച്ചുവരുന്ന ക്രൈം കേസുകളുടെ എണ്ണം, സ്റ്റേഷൻ പരിധിയുടെ വിസ്തീർണ്ണം, ജനസംഖ്യ തുടങ്ങിയ അടിസ്ഥാനത്തിലാണ് നിരവധിയായ അപേക്ഷകൾ പുതിയ പൊലീസ് സ്റ്റേഷനുവേണ്ടി ഉയർന്നുവരുന്നത്. ആവശ്യങ്ങളും കേസുകളുടെ എണ്ണം, ജനസാന്ദ്രത, വിസ്തൃതി എല്ലാം കണക്കിലെടുത്തുകൊണ്ട് ഞങ്ങളൊരു മുൻഗണനാക്രമം തീരുമാനിക്കാൻ പോകുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് എവിടെയെല്ലാമാണ് ആദ്യം പൊലീസ് സ്റ്റേഷനുകൾ വേണ്ടതെന്ന് തീരുമാനിക്കുന്നത്. ശ്രീമതി ഗീതാഗോപി പറഞ്ഞത് ശരിയാണ്. പെരിങ്ങോട്ടുകരയിൽ നാട്ടുകാർ നിർമ്മിച്ച് നൽകിയ ഔട്ട്പോസ്റ്റ് ഉദ്ഘാടനം ചെയ്തത് വാസ്തവമാണ്. ഒരു കാര്യം ഞാൻ ഇപ്പോൾ അംഗീകരിക്കുന്നു. അന്തിക്കാട് പൊലീസ് സ്റ്റേഷനിൽ ഒരു പുതിയ വാഹനം ഉടൻതന്നെ നൽകും. അതോടൊപ്പം മറ്റുകാര്യങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുകയും ചെയ്യും.

5. മാനന്തവാടി സർക്കാർ മെഡിക്കൽ കേളേജ് നിർമ്മാണത്തിനായി സ്ഥലം ലഭ്യമാക്കൽ

ശ്രീമതി ഉഷ വിജയൻ: സർ, ജനാധിപത്യത്തിന്റെ കോവിലിൽ നിയമസഭാ സാമാജികയായ എനിക്ക് ആദ്യമായാണ് പ്രസംഗിക്കാൻ അവസരം ലഭിക്കുന്നത്. ഞാൻ അതിന് എന്റെ നിയോജകമണ്ഡലത്തിലെ മുഴുവൻ ജനതയെയും എന്റെ പാർട്ടിയേയും മുന്നണിയേയും നന്ദിയോടെ ഓർക്കുകയാണ്. ഞാൻ പ്രതിനിധീകരിക്കുന്ന മണ്ഡലത്തിലെ

കുറച്ച് കാര്യങ്ങൾ പറയാൻ എനിക്ക് അവസരം നൽകണം. മാനന്തവാടി മെഡിക്കൽ കോളേജിനെക്കുറിച്ചാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. 2023-ൽ സർക്കാർ മെഡിക്കൽ കോളേജായി ഉയർത്തിയതായി ഒരു ബോർഡ് വയ്ക്കുകയും മെഡിക്കൽ വിദ്യാർത്ഥികളെ അവിടെ അക്കോമഡേറ്റ് ചെയ്യുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. അവിടെ ഡോക്ടർമാരും നഴ്സുമാരും സപ്പോർട്ടിങ് സ്റ്റാഫുമില്ല, അടിസ്ഥാന സൗകര്യങ്ങളുമില്ല. ധാരാളം പ്രശ്നങ്ങളിൽ അകപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാർ സ്ഥലമെടുത്തുവെന്ന് പറയുകയല്ലാതെ സ്ഥലമെടുക്കുകയോ അടിസ്ഥാനസൗകര്യമൊരുക്കുകയോ ചെയ്തിട്ടില്ല. സാധാരണക്കാരായ ആളുകളും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ആളുകളുമാണ് ആ ആശുപത്രിയെ കൂടുതലായി ആശ്രയിക്കുന്നത്. അവിടെ വന്യമൃഗശല്യം കൂടുതലായിട്ടുള്ള മണ്ഡലമാണ്. ജനങ്ങൾ അപകടംമൂലമോ രോഗംമൂലമോ വന്നാൽ അവരെ മറ്റ് ആശുപത്രിയിലേക്ക് റഫർ ചെയ്യുകയാണ് സാധാരണയായി ചെയ്യാറുള്ളത്. അടിയന്തര ഇടപെടൽ അക്കാര്യത്തിലുണ്ടാകണം. വന്യമൃഗശല്യത്താൽ അപകടത്തിൽപ്പെട്ട ആളുകൾ ചികിത്സ ലഭിക്കാതെ മരണപ്പെടുകയുണ്ടായിട്ടുണ്ട്. ഒരു രോഗി മരിച്ചാൽപോലും മരിച്ചുവെന്ന് സ്ഥിരീകരിക്കാൻ മുതിർന്ന ഡോക്ടർമാരില്ലാത്തതിനാൽ അവിടെ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളെയാണ് അതിനായി ഉപയോഗപ്പെടുത്തുന്നത്. നഴ്സുമാർക്ക് സ്വസ്ഥമായി ജോലിയെടുക്കാൻപോലും പേടിയാണെന്ന സ്ഥിതിയുണ്ടെന്നാണ് ചികിത്സാപിഴവുമായി ബന്ധപ്പെട്ട് കഴിഞ്ഞദിവസം ഞാനവിടെ എത്തിയപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. വന്യമൃഗശല്യം അതിരൂക്ഷമായ മണ്ഡലമെന്നുള്ള നിലയിൽ വനംവകുപ്പുമായി ബന്ധപ്പെട്ട് ഇടപെടലുകളുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, 12-02-2021-ലെ ഉത്തരവ് പ്രകാരം മാനന്തവാടി ജില്ലാ ആശുപത്രി തൽക്കാലം മെഡിക്കൽ കോളേജാക്കി. ജില്ലാ ആശുപത്രിക്ക് സമീപം നഴ്സിങ് വിദ്യാർത്ഥികൾക്കായി നിർമ്മിച്ച മൂന്നുനില കെട്ടിടം അധ്യയന ആവശ്യങ്ങൾക്കായി ഒരുക്കുകയും ചെയ്തു. സർക്കാർ മെഡിക്കൽ കോളേജിനായി 21-01-2021-ലെ ഡി.ഒ. കത്തായി ജില്ലാ കളക്ടർ മൂന്ന് സ്ഥലങ്ങൾ നിർദേശിച്ചു. ചന്ദ്രപ്രഭാ ചാരിറ്റബിൾ ട്രസ്റ്റ് സർക്കാരിലേക്ക് വിട്ടൊഴിഞ്ഞ 50.1 ഏക്കർ ഭൂമിയാണ് ഒന്നാമത്തേത്.

അത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മെഡിക്കൽ കോളേജിന് തിരഞ്ഞെടുത്ത് തറക്കല്ലിട്ടതാണ്. അത് അടുത്ത സർക്കാർ വന്നപ്പോൾ മാറ്റി. ചേലോട് എസ്റ്റേറ്റിന്റെ കൈവശമുള്ള 55.18 ഏക്കർ ഭൂമിയാണ് രണ്ടാമത്തേത്. തലപ്പുഴ ബോയ്സ് ഗൈഡ് ലവൽ എസ്റ്റേറ്റിൽനിന്നും സർക്കാർ ഏറ്റെടുത്ത ഭൂമിയാണ് മൂന്നാമത്തേത്. മെഡിക്കൽ കൗൺസിലിന്റെ നിബന്ധനപ്രകാരം ജില്ലാ ആശുപത്രിയുടെ ഉടമസ്ഥതയിലുള്ള 8.74 ഏക്കർ ഭൂമി പര്യാപ്തമല്ല. അതിനാൽ മാനന്തവാടി താലൂക്കിലെ ബോയ്സ് ടൗണിലെ ഗ്ലെൻ ലെവൽ എസ്റ്റേറ്റിൽനിന്നും 65 ഏക്കർ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചു. രൂപരേഖ തയ്യാറാക്കാൻ വാപ്കോസ്(WAPCOS)-നെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിനെതിരായി ഉടമകൾ കോടതിയെ സമീപിച്ചു. മാനന്തവാടി ജില്ലാ ആശുപത്രിയുടെ ഉടമസ്ഥതയിലുള്ള 8.74 ഏക്കർ ഭൂമിയും ആശുപത്രി കോമ്പൗണ്ടിൽ ക്രൈംബ്രാഞ്ചിന്റെ കൈവശമുള്ള 0.68 ഏക്കർ ഭൂമിയും കൂടിചേർത്ത് 9.42 ഏക്കർ ഭൂമിയാക്കുന്നതിനുള്ള നടപടികൾ നിലവിൽ റവന്യൂവകുപ്പിന്റെ പരിഗണനയിലാണ്. 19-03-2025-ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽകോളേജ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിലുള്ള സംഘം വിവിധ ഭൂമികൾ സന്ദർശിക്കുകയും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. തുടർന്ന്, മാനന്തവാടി വില്ലേജിലുള്ള വെസ്റ്റഡ് ഫോറസ്റ്റിലുള്ള അമ്പുകുത്തിയിലെ 182/5 സർവെ നമ്പർ ആയുള്ള ഔഷധ തോട്ടത്തിൽനിന്ന് 28 ഏക്കർ ഭൂമി ഏറ്റെടുക്കാൻ തീരുമാനിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. റിസർവ് വനമാണെന്ന കാരണം പറഞ്ഞ് കേന്ദ്ര ഫോറസ്റ്റ് വകുപ്പ് അത് ഒബ്ജക്ട് ചെയ്തിരിക്കുകയാണ്. അമ്പുകുത്തി മലയിലെ ഭൂമിക്കുപകരം റവന്യൂവകുപ്പിന്റെ 28 ഏക്കർ ഭൂമി ഏറ്റെടുക്കാൻ അന്ന് തീരുമാനിക്കുകയും അതനുസരിച്ച് ഇപ്പോൾ റവന്യൂവകുപ്പിന്റെ ഭൂമി ആയതിനാൽ റവന്യൂവകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും തമ്മിലുള്ള ധാരണാപത്രം 'പരിവേഷ് ' പോർട്ടലിൽ അപ്-ലോഡ് ചെയ്യുകയും ചെയ്തു. ഡി.പി.ആർ. ഉൾപ്പെടെയുള്ള കാര്യങ്ങളിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിനും ഡി.എം.ഇ.-യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക്

എസ്.പി.വി.-യായി 'ഇൻകെൽ'(INKEL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ അമ്പത് വിദ്യാർഥികളെ ഉൾപ്പെടുത്തി എം.ബി.ബി.എസ്. ആരംഭിച്ചിട്ടുണ്ട്. അവിടെ ധാരാളം പോരായ്മകളുള്ളതിനാൽ ഞാൻ അടുത്ത മാസം മൂന്നാം തീയതി മെഡിക്കൽ കോളേജ് സന്ദർശിക്കുന്നതാണ്. ഫോറസ്റ്റ് വകുപ്പിൽനിന്നും അനുമതി ലഭിക്കാൻ സാധ്യതയില്ലാത്ത അവസ്ഥയിലാണ് ഇപ്പോൾ നിൽക്കുന്നത്.

6. ചേലക്കര നിയോജക മണ്ഡലത്തിലെ കാട്ടാനശല്യം

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ മണ്ഡലമായ ചേലക്കരയിൽ പഴയന്നൂർ, ചേലക്കര, പാഞ്ഞാൾ, മുള്ളൂർക്കര എന്നീ നാല് പഞ്ചായത്തുകളിലായി വരുന്ന ഏകദേശം 45 കി.മീ. വനാതിർത്തിയിൽ ജനവാസകേന്ദ്രവുമായി ചേർന്നുനിൽക്കുന്ന പ്രദേശങ്ങളിൽ ഈ അടുത്ത കാലത്ത് ആനശല്യം വല്ലാതെകൂടി വരുന്നുണ്ട്. തൃശ്ശൂർ-പാലക്കാട് നാഷണൽ ഹൈവേയിലെ കുതിരാൻ തുറന്നപ്പോൾ പഴയ റോഡുവരുന്ന പീച്ചിയിൽനിന്നും മച്ചാട് മേഖലയിലേക്ക് ആനകൾ പ്രവേശിച്ച് എന്റെ മണ്ഡലമായ ചേലക്കരയിലും തൊട്ടടുത്ത പ്രദേശമായ വടക്കാഞ്ചേരിയിലും വലിയതോതിലാണ് ആന ശല്യമുണ്ടായിക്കൊണ്ടിരിക്കുന്നത്. എല്ലാദിവസവും ആനകൾ വന്ന് അവിടെയുള്ള കൃഷി നശിപ്പിക്കുന്നത് ജനങ്ങളെല്ലാം വളരെ പേടിയോടെയാണ് കണ്ടുകൊണ്ടിരിക്കുന്നത്. 2001 മുതലാണ് അവിടെ ആനശല്യമുണ്ടാകാൻ തുടങ്ങിയത്. നേരത്തെ അവിടെയുണ്ടായിരുന്ന ഫോറസ്റ്റ് സ്റ്റേഷൻ ഉപയോഗമില്ലെന്ന് പറഞ്ഞ് പീച്ചി മേഖലയിലേക്ക് മാറ്റുകയും ജീവനക്കാരെയെല്ലാം പുനർവിന്യസിക്കുകയുമുണ്ടായി. ഈ ഫോറസ്റ്റ് സ്റ്റേഷൻ അവിടെ പുനഃസ്ഥാപിച്ചുനൽകണമെന്നും ജനങ്ങളുടെ സ്വത്തിനും ജീവനും വലിയതോതിൽ സംരക്ഷണം നൽകാൻ ഇടപെടണമെന്നുമാണ് എനിക്ക് പറയാനുള്ളത്.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ പ്രസക്തമാണ്. അദ്ദേഹം പറഞ്ഞതുപോലെ കുതിരാൻ ടണൽ വന്നപ്പോൾ, ആന ഇപ്പുറത്തേയ്ക്ക് കടക്കാനുള്ള സാഹചര്യമുണ്ടെന്ന് കണ്ടുകൊണ്ട് അവിടെ റെയിൽ ഫെൻസ് സ്ഥാപിക്കണമെന്ന ചർച്ചയും നിർദേശവും വന്നുവെങ്കിലും നിർഭാഗ്യവശാൽ അന്ന് റെയിൽ ഫെൻസ് സ്ഥാപിക്കേണ്ടെന്നും

*23-06-2026*
*Submission*

ആനത്താര മുറിക്കാൻ പാടില്ലെന്നും തീരുമാനിച്ചതാണ് ഇതിന് ആധാരമായ കാരണം. അതിനുശേഷം ഇപ്പുറത്തുവന്ന 14 ആനകളാണ് ജനവാസമേഖലകളിലേക്ക് കടക്കുന്നത്. നേരത്തെ റെയിൽ ഫെൻസ് സ്ഥാപിക്കേണ്ട എന്ന് തീരുമാനിച്ചുവെങ്കിലും പിന്നീട് സോളാർ ഫെൻസിങ് സ്ഥാപിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 32.8 കി.മീ. സോളാർ ഫെൻസിങ് സ്ഥാപിച്ചു. ജനവാസ മേഖലയിൽ പ്രവേശിച്ച 14 ആനകളിൽ രണ്ടെണ്ണത്തിനെ മാത്രമേ ഇതുവരെ തിരിച്ചയയ്ക്കാൻ കഴിഞ്ഞിട്ടുള്ളൂ. 30 കി.മീ. അവിടെ സോളാർ ഫെൻസിങ് ചെയ്യുന്നുണ്ട്. പക്ഷേ ഇപ്പോൾ സ്ഥാപിച്ച സോളാർ ഫെൻസ് ഡൗൺചെയ്തശേഷം ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തിയാൽ മാത്രമേ ആനകളെ തുരത്തി ഓടിക്കാൻ സാധിക്കുകയുള്ളൂ. സ്വാഭാവികമായ വനവിസ്തൃതി പീച്ചിയിൽ കൂടുതലായതിനാൽ പീച്ചിയിലേക്ക് മൂന്ന് സ്റ്റേഷനുകൾ മാറ്റി. ഇപ്പോൾ താൽക്കാലികമായി ഒരു ആർ.ആർ.ടി. സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് പരിശോധിക്കാം. ഒരു സ്റ്റേഷൻ തുടങ്ങുന്നതല്ല ആനകളെ തിരിച്ചോടിക്കുകയെന്നതാണ് ഇതിന് പരിഹാരമെന്നതിനാൽ ആയതിനുള്ള മാർഗത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

7. <u>പമ്പാവാലി, എയ്ഞ്ചൽ വാലി പ്രദേശങ്ങൾ പെരിയാർ ടൈഗർ റിസർവിൽ നിന്ന് ഒഴിവാക്കാൻ നടപടി</u>

<u>ശ്രീ. സെബാസ്റ്റ്യൻ എം. ജെ.</u>: സർ, പൂഞ്ഞാർ നിയോജക മണ്ഡലത്തിലുള്ള എരുമേലി പഞ്ചായത്തിലെ പമ്പാവാലി, എയ്ഞ്ചൽവാലി എന്നീ പ്രദേശങ്ങൾ പെരിയാർ ടൈഗർ റിസർവിൽനിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം. 2015-ലെ ഉമ്മൻചാണ്ടി സർക്കാർ അവിടെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം നൽകിയിട്ടുണ്ടെങ്കിലും ഈ അടുത്ത കാലത്തുവന്ന ഉത്തരവുപ്രകാരം കണ്ടീഷണലായിട്ടുള്ള നിർദേശങ്ങൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ വന്നിട്ടുള്ളതാണ്. ഈ പ്രദേശത്തെ സെൻസിറ്റീവ് സോണാക്കി നിലനിർത്തുമ്പോൾ, അവിടെ പട്ടയമുള്ള പ്രദേശത്തെ ജനങ്ങൾക്ക് സസ്റ്റെയിനബിൾ ഡെവലപ്മെന്റ് എന്ന രീതിയിൽ ജീവിക്കാനുള്ള അവകാശം കണ്ടീഷണൽ ബെയിൽപോലെ നിലനിർത്തിക്കൊണ്ടാണ് ഇവിടെയുള്ള പട്ടയപ്രദേശത്ത് ഫോറസ്റ്റ് വകുപ്പ് നടപടി സ്വീകരിച്ചിരിക്കുന്നത്. പൂർണമായും ആ പട്ടയപ്രദേശത്തുള്ള ആളുകളെ പെരിയാർ ടൈഗർ റിസർവിൽനിന്നും ഒഴിവാക്കുന്നതോടൊപ്പം സാധാരണ പട്ടയങ്ങളിൽ ലഭിക്കുന്ന

എല്ലാ അധികാര അവകാശങ്ങളും നടപ്പാക്കി, ജീവിക്കാനുള്ള അവകാശം അവിടെയുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, 1982-ൽ പെരിയാർ ടൈഗർ റിസർവ് നോട്ടിഫൈ ചെയ്തശേഷം 2007-ൽ അന്നത്തെ ഗവൺമെന്റ് അവിടെയൊരു ഭേദഗതി വരുത്തുകയും അതിൽ peripheral and contingent area to the core of PTR എന്ന് രേഖപ്പെടുത്തിക്കൊണ്ട് 44.8 sq.km. കൂട്ടിച്ചേർക്കുകയുണ്ടായി. 2007-ൽ കൂട്ടിച്ചേർത്ത ഈ ജനവാസ കേന്ദ്രത്തിന്റെ പ്രശ്നം പരിഹരിക്കാൻ അന്നുമുതൽ മാറിമാറി വരുന്ന ഗവൺമെന്റുകൾ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അവസാനം അതിനൊരു കമ്മിറ്റിയെ രൂപീകരിക്കുകയും കമ്മിറ്റി നേരിട്ട് പരിശോധിച്ച് ചില നിർദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ എരുമേലിയിലുൾപ്പെട്ടിരിക്കുന്ന പ്രദേശങ്ങൾക്കുപകരമായി തിരിച്ചുകൊടുക്കാവുന്ന വനപ്രദേശം ഐഡന്റിഫൈ ചെയ്ത് കൊടുക്കുന്നുണ്ട്. ഇത് കേന്ദ്രഗവൺമെന്റിന്റെ അധികാര പരിധിയിലുള്ളതായതിനാൽ അവർ ചില വ്യവസ്ഥകൾ മുന്നോട്ടുവച്ചതുകൊണ്ട് ആ വ്യവസ്ഥകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് വനം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെയെല്ലാം ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ഇന്നലെ ആ കമ്മിറ്റിയുടെ ചർച്ച നടക്കുകയും ചെയ്തു. എന്താണെങ്കിലും വരുംദിവസങ്ങളിൽ ഡൽഹിയിൽ പോയി സാധാരണഗതിയിലേക്ക് ഈ ജനവാസ കേന്ദ്രത്തെ പുനഃസ്ഥാപിക്കുന്നതിനുള്ള ആവശ്യം ഒന്നുകൂടി ഉന്നയിക്കാൻ ശ്രമിക്കുന്നതാണ്. അല്ലെങ്കിൽ കമ്മിറ്റി വളരെ പോസിറ്റീവായി കേരളത്തിന്റെ ആവശ്യം അംഗീകരിച്ചതിനാൽ അതുകൂടി പരിഗണിച്ച് ഒരു പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട അംഗത്തെയുൾപ്പെടെ വിശ്വാസത്തിലെടുത്തുകൊണ്ട് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

### 8. മലയോര ഹൈവേ

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, മലപ്പുറം-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട നിലമ്പൂർ-മുണ്ടേരി-മേപ്പാടി മലയോര ഹൈവേ യാഥാർത്ഥ്യമാക്കാൻ സർക്കാരിന്റെ ഇടപെടൽ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. 2009 മേയ് 21-ന് NATPAC-ന്റെ

*23-06-2026*
*Submission*

റിപ്പോർട്ടിൽ വളരെ കൃത്യമായി പറഞ്ഞിട്ടുള്ളതും അതേവർഷം പി.ഡബ്ല്യൂ.ഡി. 44/2009 എന്ന ഓർഡറിൽ കൃത്യമായി നിർദ്ദേശിച്ചിട്ടുള്ളതുമായ റോഡാണിത്. 2011-ൽ വയനാട്ടിലേക്കുള്ള അനുയോജ്യമായ ബദൽപാത എന്ന് നിർദേശിച്ച പാതയാണിത്. 2016-ൽ ഇതുസംബന്ധിച്ച് വിശദമായ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചതിലും സൂചിപ്പിച്ചിരിക്കുന്ന പാത ഇതുതന്നെയാണ്. വയനാട് പാർലമെന്റ് മണ്ഡലത്തിന്റെ ഭാഗമാണെങ്കിലും ഞങ്ങൾക്ക് വയനാട്ടിലേയ്ക്ക് പോകണമെങ്കിൽ തമിഴ്നാട്ടിലൂടെയോ അല്ലെങ്കിൽ മറ്റൊരു ജില്ലയിലൂടെയോ പോകണം. കേരളത്തിലെ ഏത് ജില്ലയിലാണെങ്കിലും തൊട്ടടുത്ത ജില്ലയിലേയ്ക്ക് അന്യസംസ്ഥാനത്തിലൂടെ അല്ലാതെ പോകാനുള്ള മാർഗങ്ങളുണ്ടെങ്കിലും ഞങ്ങൾക്കത് ഇല്ലാത്ത അവസ്ഥയാണ്. ഈ പാത വരുന്നതോടുകൂടി നിലമ്പൂർ-മേപ്പാടിയിൽ ഇപ്പോൾ 102 കി.മീ. സഞ്ചരിക്കുന്നത് കേവലം 48 കിലോമീറ്ററായി ചുരുങ്ങുകയാണ്. മാത്രമല്ല, ഞങ്ങളെ സംബന്ധിച്ചിടത്തോളം  രണ്ട് ജില്ലകളെ ബന്ധിപ്പിക്കുക എന്നതിലുപരി ബാംഗ്ലൂർ, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്ന് കൊച്ചിയിലേക്ക് വരുന്ന ചരക്കുഗതാഗത ദൈർഘ്യം 70 കി.മീ. ആയി കുറയുന്നു. ശബരിമല തീർഥാടകർ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന പാതയായതിനാൽ ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽനിന്നും വരുന്നവർക്ക് നൂറോളം കിലോമീറ്റർ കുറയുന്നതാണ് ഈ  നിർദ്ദിഷ്ടപാത. മാത്രമല്ല ടൂറിസം രംഗത്ത് വലിയ കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിയുന്ന പാതയാണിത്. ചരക്കുഗതാഗതവും യാത്രക്കാരും മാത്രമല്ല; ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത ആകെ 28 കി.മീ. മാത്രമാണ് പുതിയ റോഡ് നിർമ്മിക്കേണ്ടിവരുന്നത്. ഈ 28 കിലോമീറ്ററിൽ 11 കി.മീ. മാത്രമാണ് ഫോറസ്റ്റിലൂടെ പോകേണ്ടത്. അന്യസംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ 28 കിലോമീറ്ററിൽ ദൈർഘ്യമുള്ള ഒരു എലവേറ്റഡ് ഹൈവേ നിർമ്മിച്ചാൽ ജനങ്ങൾക്ക് വളരെ സുഖകരമായി യാത്രചെയ്യാനും കേരളത്തിൽ ഒരു വലിയ മാറ്റമുണ്ടാക്കാനും കഴിയും. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് പുത്തനുണർവ് സമ്മാനിക്കാൻ 'മിഷൻ സമുദ്ര' പോലുള്ള നിരവധി സ്വപ്നപദ്ധതികൾ യാഥാർഥ്യമാക്കാനുള്ള ദീർഘവീക്ഷണത്തോടുകൂടി ആദരണീയനായ മുഖ്യമന്ത്രി മുന്നേറുമ്പോൾ ഈ പദ്ധതിയും അതിനൊരു മുതൽക്കൂട്ടായി മാറുമെന്നതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ

പാതയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇത് യാഥാർഥ്യമാക്കുന്നതിന് സർക്കാരിന്റെ ഗൗരവകരമായ ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, എന്റെയും ബഹുമാനപ്പെട്ട അംഗത്തിന്റെയും നാടായ മലപ്പുറത്തുനിന്ന് നിലമ്പൂർ--മേപ്പാടി എന്നീ പ്രദേശങ്ങളിലേയ്ക്കുള്ള പാതയാണിത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ NATPAC (National Transportation Planning and Research Centre) സർവേയും ഫോറസ്റ്റ് സർവേയും കിഫ്ബി ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തിയിരുന്നു. പ്രസ്തുത അലൈൻമെന്റ് പ്രകാരം നിലവിൽ റോഡുകൾ ഒന്നുമുണ്ടായിരുന്നില്ല. അത് അപ്രായോഗികമാണെന്നാണ് അവസാനം അവർ റിപ്പോർട്ട് നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ പാത യാഥാർഥ്യമായാൽ വയനാട് നിന്നും നിലമ്പൂരിലേയ്ക്ക് 42 കിലോമീറ്റർ ദൂരം കുറയും. അത്യാവശ്യമുള്ള ഒരു പാതയാണ് ഇത്, പക്ഷെ പതിനൊന്ന് കിലോമീറ്റർ ദൂരം വനമേഖലയുണ്ട്. ഒരിക്കൽക്കൂടി പ്രസ്തുത അലൈൻമെന്റ് പരിഷ്കരിച്ചശേഷം ആ പാത യാഥാർഥ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മുൻകയ്യെടുക്കുമെന്നാണ് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാനുള്ളത്.

9. കഴനി- പഴമ്പാലക്കോട് റോഡ് നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കൽ

ശ്രീ. പി. പി. സുമോദ്: സർ, എന്റെ നിയോജകമണ്ഡലമായ തരൂരിൽ കഴനി- പഴമ്പാലക്കോട് റോഡിൽ അഞ്ച് കിലോമീറ്റർ ദൂരം ബി.എം & ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. തൃശ്ശൂർ, പാലക്കാട് ജില്ലകളെയും മൂന്ന് നിയോജകമണ്ഡലങ്ങളെയും ബന്ധിപ്പിക്കുന്ന റോഡാണിത്. റോഡിന്റെ ഒരറ്റം ചേലക്കര നിയോജകമണ്ഡലവും മറ്റേ അറ്റം ആലത്തൂർ നിയോജകമണ്ഡലവുമാണ്. ഒരുപാട് കാലമായി അവിടത്തെ ജനങ്ങൾ വലിയതോതിൽ ഗതാഗത പ്രയാസം അനുഭവിക്കുകയാണ്. നേരത്തെ കിഫ്ബി പ്രവൃത്തിയുടെ ഭാഗമായി സ്ഥലമേറ്റെടുക്കൽ നടപടികൾ പ്രയാസമായതിനാൽ മുൻവർഷങ്ങളിൽ ബജറ്റ് ഫണ്ടും പ്ലാൻ ഫണ്ടും കൂട്ടിച്ചേർത്ത് ഒൻപത് കോടി രൂപ അനുവദിക്കുകയും നാല് കിലോമീറ്റർ റോഡിന്റെ പ്രവൃത്തി

*23-06-2026*
*Submission*

പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ രണ്ടാം ഘട്ടത്തിൽ അഞ്ച് കിലോമീറ്റർ റോഡിന്റെ പ്രവൃത്തി ഏപ്രിൽ മാസത്തിൽ ആരംഭിച്ച സമയത്ത് ടാറിന് വലിയതോതിൽ വില വർധനവുണ്ടായി. കരാറുകാർ റോഡ് പൊളിച്ചിട്ടതുകാരണം വലിയ തോതിലുള്ള ഗതാഗത പ്രശ്നങ്ങൾ, പൊടി ശല്യം എന്നിവ ഉണ്ടാകുകയും ഈ പഞ്ചായത്തിനും റോഡിനും സമീപത്ത് താമസിക്കുന്ന വിദ്യാർഥികളും രോഗികളും വല്ലാത്ത രീതിയിൽ ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി അവിടെ പ്രതിഷേധങ്ങളും നടക്കുകയാണ്. ഇക്കാര്യത്തെ സംബന്ധിച്ചെല്ലാം നേരത്തെ മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. റോഡിന്റെ പ്രവൃത്തി എത്രയുംവേഗം പുനരാരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ):സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കഴനി-പഴമ്പാലക്കോട് റോഡിന്റെ പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെട്ടത് 2026 ഫെബ്രുവരി മാസം 24-ാം തീയതിയാണ്. കരാറുകാരൻ ഇതിന്റെ പ്രവൃത്തി ആരംഭിക്കുന്നത് 06-03-2026-നും റോഡ് നിർമ്മാണം ആരംഭിച്ചത് 07-03-2026-നുമാണ്. അതിന്റെ മറ്റ് കോൺക്രീറ്റ് പ്രവൃത്തികൾ, ഡ്രെയിനേജ്, കൽവർട്ട്, റീട്ടെയിനിങ് വാൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ടാറിന്റെ വില വർധനവ് സംസ്ഥാനത്തുടനീളമുണ്ട്. ബിറ്റുമിന്റെ വില വർധിച്ചിട്ടുണ്ട്. കരാർവച്ച ഫെബ്രുവരി മാസത്തിൽ ഒരു ടൺ ബിറ്റുമിന്റെ വില 54,000 രൂപയായിരുന്നു. എന്നാൽ ഇന്ന് ബിറ്റുമിന്റെ വില ഒരു ടണ്ണിന് 90,000-92,000 വരെയായി പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ വർധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ചെറിയ തോതിലുള്ള തടസ്സം നേരിടുന്നുണ്ട്. ഫെബ്രുവരി 28-ാം തീയതിയാണ് ഈ വിലവർധനവുണ്ടായത്. ഇക്കാര്യം സർക്കാരിന്റെയും വകുപ്പിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള കരാറുകാർക്ക് ബിറ്റുമിന്റെ വിലവ്യത്യാസം നൽകുന്നതുമായി ബന്ധപ്പെട്ട കാര്യം മന്ത്രിസഭായോഗത്തിൽ പരിഗണിക്കുന്നതാണ്. ഉചിതമായ തീരുമാനം ഉടൻ ഉണ്ടാകുന്നതാണ്.

*23-06-2026*
*Submission*

10. <u>നെന്മാറ-ഒലിപ്പാറ റോഡ് നവീകരണം</u>

ശ്രീ. കെ. പ്രേമൻ: സർ, നെന്മാറ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട വലിയ പഞ്ചായത്തുകളാണ് നെന്മാറ, അയിലൂർ പഞ്ചായത്തുകൾ. ഏകദേശം നാൽപ്പതിനായിരത്തോളം ജനങ്ങൾ അധിവസിക്കുന്ന ഈ മേഖലയുടെ ഏക ഗതാഗതമാർഗം നെന്മാറ-ഒലിപ്പാറ 11 കിലോമീറ്റർ റോഡാണ്. മൂന്നുവർഷമായി ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ അനിശ്ചിതത്വത്തിലാണ്. സമീപ പ്രദേശങ്ങളിലെ ജനങ്ങളും യാത്രക്കാരും വെള്ള മുണ്ടും ഷർട്ടും ധരിച്ചുപോയാൽ അത് കാവിയായി മാറുന്ന അവസ്ഥയാണ് മൂന്നുവർഷമായിട്ടുള്ളത്. ആ പ്രദേശത്തെ ജനങ്ങൾ അസുഖബാധിതരായി ആസ്മ രോഗം ഉൾപ്പെടെ മൂർച്ഛിക്കുന്ന അവസ്ഥയുണ്ട്. അവിടത്തെ ജനങ്ങളുടെ നിസഹായാവസ്ഥ ബോധ്യപ്പെടുത്താനാണ് ഈ സബ്മിഷനിലൂടെ ആഗ്രഹിക്കുന്നത്. സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സി.ആർ.ഐ.എഫ്.) പ്രകാരം 2022-2023-ലെ പദ്ധതിയിലുൾപ്പെടുത്തി ബി.എം.& ബി.സി. നിലവാരത്തിൽ റോഡ് നവീകരിക്കുന്നതിനായി 25-07-2023-ൽ കരാർ ഉടമ്പടി ഒപ്പുവയ്ക്കുകയും തുടർന്ന് ഒരു വർഷത്തെ പൂർത്തീകരണ കാലാവധിയോടെ 02-08-2023-ൽ സൈറ്റ് കരാറുകാരന് കൈമാറുകയും ചെയ്തു. തുടക്കത്തിൽ മഴകാരണവും വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷൻ പൈപ്പുകൾ സ്ഥാപിക്കുന്നതിന് കാലതാമസം ഉണ്ടായത് കാരണവുമാണ് പ്രവൃത്തിക്ക് കാലതാമസം ഉണ്ടായത്. എന്നാൽ പൈപ്പ് സ്ഥാപിക്കൽ പൂർത്തിയായ ശേഷവും പ്രവൃത്തി വേണ്ട വിധത്തിൽ മുന്നോട്ടുപോയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയപരിധി പലതവണ നീട്ടിനൽകിയിട്ടും ഒരു പുരോഗതിയും നാളിതുവരെ ഉണ്ടായിട്ടില്ല. നെന്മാറ-ഒലിപ്പാറ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസപ്പെടാനുണ്ടായ കാരണങ്ങൾ അടിയന്തരമായി പരിശോധിക്കും കൃത്യമായ സംവിധാനത്തിലൂടെ റോഡിന്റെ നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയും വേണം. അവിടത്തെ ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രക്ഷോഭത്തിന്റെ പാതയിലാണ് ഏറെ വർഷങ്ങളായി. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ വിഷയം അടിയന്തര പ്രധാന്യത്തോടെ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ

ഉന്നയിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട നെന്മാറ അംഗം വസ്തുനിഷ്ഠമായി കാര്യങ്ങൾ ഇവിടെ പറഞ്ഞു. 02-08-2023-ൽ ഒരുവർഷത്തെ കാലാവധിക്ക് ഈ പ്രവൃത്തി കരാറുകാരന് കൈമാറി. 11 കിലോമീറ്ററാണ് ഈ റോഡിന്റെ ദൈർഘ്യം. അതിൽ മൂന്ന് കിലോമീറ്റർ ദൂരം ബി.എം&ബി.സി നിലവാരത്തിൽ പ്രവൃത്തി പൂർത്തീകരിച്ചു. പിന്നീട് കരാറുകാരന്റെ ഭാഗത്തുനിന്നുമുണ്ടായ കാലതാമസമാണ് ഈ പ്രവൃത്തിയിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് പിഴയോടെ 15-09-2025 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയെങ്കിലും കരാറുകാരൻ ഒരു പ്രവൃത്തിയും അവിടെ ചെയ്തില്ല. അതാണ് വർക്കിന് ഇത്രയും കാലതാമസമുണ്ടാകാൻ കാരണം. ദേശീയപാത നോർത്ത് സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയർ കരാറുകാരനെ ടെർമിനേറ്റ് ചെയ്യാൻ നോട്ടീസ് നൽകുകയും ചെയ്തു. തുടർന്ന് കരാറുകാരൻ ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. ഹൈക്കോടതി ഒരുമാസത്തിനുള്ളിൽ കരാറുകാരനുമായി ഹിയറിങ് നടത്തി തുടർനടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടു. ജൂലൈ ഒന്നാം തീയതി ഹിയറിങ്ങിന് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആ ഹിയറിങ്ങിൽ തീരുമാനമുണ്ടാകും. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് പരിശോധിച്ച് എത്രയുംവേഗം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.